● കാഴ്ചപ്പാട്

# രോഗത്തിന്റെ രാഷ്ട്രീയം, ശുശ്രൂഷയുടേയും

**അബ്ദുല്ല മണിമ**

**"ദാരിദ്ര്യവും ആശിക്കാനില്ലാത്ത ജീവിതവും സാമൂഹിക ഉൽക്കണ്ഠകളും ജനപഥങ്ങളെ ഗ്രസിക്കുന്ന ദൗർഭാഗ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, സൂക്ഷ്മജീവികൾ രോഗഹേതുക്കളെന്ന നിലയിൽ ഒരു സാന്നിദ്ധ്യമേയല്ല" - *റമോൺ കരിലോ* (അർജന്റയിൻ ആരോഗ്യമന്ത്രി 1948-52)**



**പാസ്ചറുടെ** സൂക്ഷ്മകാഴ്ചകൾ, രോഗങ്ങളുടെ ലോകത്തെ ഭൂതഗണങ്ങളിൽ നിന്നും മന്ത്രവാദികളിൽനിന്നും വീണ്ടെടുത്ത്, മനുഷ്യന് ഭാവിയെക്കുറിച്ച് പ്രത്യാശാഭരിതമായ കാഴ്ചകൾ സമർപ്പിച്ചതിന്റെ ഉന്മാദത്തിൽ ലോകം ഉദാസീനമായിരിക്കുമ്പോഴാണ്, ഒരു ദുരന്തപ്രവാചകനെപ്പോലെ റമോൺ കരിലോ മേൽപ്രസ്താവം നടത്തുന്നത്. അത്യുൽപാദനശേഷിയുള്ള വിത്തുകളും കീടനാശിനികളും, നമുക്ക് പട്ടിണിയില്ലാത്ത നാളുകൾ നൽകും എന്ന് വിശ്വസിച്ചതുപോലെ സൂക്ഷ്മാണുക്കളെ ജയിക്കുന്ന കാലം, മനുഷ്യൻ രോഗങ്ങളെയും അതിജീവിക്കുമെന്ന് നാം ധരിച്ചു പോയിരുന്നല്ലോ. റമോൺ കാർലോക് പിന്നാലെ, കാൽനൂറ്റാണ്ടു പിറകിൽ, 1978 ൽ ഹഫ്ദാൻ മാഹലറുടെ കുട്ടികൾ കാർലോയുടെ പ്രസ്താവനയ്ക്ക് അടിവരയിട്ടുകൊണ്ട് പ്രൈമറി ഹെൽത്ത് കെയർ എന്ന ആശയം അവതരിപ്പിച്ചു. അൽമ അത്ത പ്രഖ്യാപനമെന്ന് പിൽക്കാലം പ്രസിദ്ധമായ ആ പ്രമാണം പൊതുജനാരോഗ്യത്തിന്റെ, മഗ്നാകാർട്ടയായി. മറ്റൊരു കാൽനൂറ്റാണ്ടുകൂടി കാലത്തിന്റെ കണക്കുപുസ്തകത്തിൽ വരവ് വെയ്ക്കപ്പെട്ടു. കോർപ്പറേറ്റ് താൽപര്യങ്ങൾക്ക് ദാർശനിക ഭാഷ്യം രചിക്കുക, ജന്മനിയോഗമേറ്റെടുത്ത അക്കാദമിക്കുകളുടെ കാർമ്മികത്വത്തിൽ, ജനിക്കുംമുമ്പെ ജാതകം തിരുത്തപ്പെട്ട അൽമ അത്ത പ്രഖ്യാപനം വഞ്ചിക്കപ്പെട്ട മറ്റൊരു പ്രത്യാശയുടെ മേൽക്കുറിയായി നമുക്ക് മുന്നിൽ നിൽക്കുന്നു. ലോകവാണിജ്യ കേന്ദ്രം തകർക്കപ്പെട്ടതിന്റെ പേരിൽ സെപ്റ്റംബർ 11ഉം മുഹമ്മദ് അത്തയും ഓർക്കപ്പെടണമെന്ന് ശഠിക്കുന്നവർ, അൽമ അത്ത വഞ്ചിക്കപ്പെട്ടതിന്റെ പേരിൽ ഒരു സെപ്റ്റംബർ 12 ഉം ജോൺഹോപ്കിൻസ് സർവ്വകലാശാലയും ഓർമ്മിക്കപ്പെടണം എന്നാഗ്രഹിക്കുന്നുണ്ടാവില്ല.

എത്രയെങ്കിലും തവണ തോൽപ്പിക്കപ്പെടുമ്പോഴും വീണ്ടും വീണ്ടും ഉയിർക്കുന്ന പ്രത്യാശകളുമായി ലോകമെങ്ങും അൽമ അത്ത പ്രഖ്യാപനത്തിന്റെ ആത്മാവ് വീണ്ടെടുക്കാനുള്ള ചെറുസംഘങ്ങളുടെ ശ്രമങ്ങളുടെ പശ്ചാത്തലത്തിലാണ്, മാറാവ്യാധികൾ ബാധിച്ചവരും മരണാസന്നരുമായ രോഗികളുടെ പരിചരണത്തിന് ജനകീയ കൂട്ടായ്മകൾ സാധിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യാൻ സന്നദ്ധ പ്രവർത്തകർ നവംബർ അവസാനം മഞ്ചേരിയിൽ സന്ധിക്കുന്നത്.

## കരുത്തന്മാരുടെ ലോകത്ത് ദുർബലരുടെ വിധിയും ഭാവിയും

കഴിഞ്ഞ 3-4 പതിറ്റാണ്ടുകളിൽ ശാസ്ത്ര സാങ്കേതികവിദ്യ പൊതുവിലും വൈദ്യശാസ്ത്രം പ്രത്യേകിച്ചും വൻ കുതിച്ചുചാട്ടം നടത്തിയിട്ടുണ്ട്. രോഗത്തിന്റെ സങ്കീർണ്ണതകളെ തന്മാത്രാ തലത്തിൽ നിർധാരണം ചെയ്തുകൊണ്ട് ജീവശാസ്ത്രം, വാർദ്ധക്യത്തെയും, മരണത്തെ പോലും അതിജീവിക്കാനുള്ള അതിന്റെ ചിരകാല കൗതുകം സാക്ഷാൽക്കരിക്കാനുള്ള ശ്രമത്തിലാണ്. പക്ഷെ ദൗർഭാഗ്യകരമെന്ന് പറയട്ടെ ഭൂമിയുടെ വലിയ പാതി ഈ നേട്ടത്തിൽനിന്നും ബലമായകറ്റപ്പെടുക മാത്രമല്ല അവയുടെ കെടുതികൾ അനുഭവിക്കാൻ ശിക്ഷിക്കപ്പെടുകകൂടി ചെയ്യുന്നു.

വിഭവ വിതരണത്തിൽ അന്യായവും അസഹനീയവുമായ അസന്തുലിതത്വം നിലനിൽക്കുന്നു. മുൻ ലോക ബാങ്ക്

പ്രസിഡണ്ടായ റോബർട്ട് മക്നമാറ നൽകുന്ന കണക്കുകളനുസരിച്ച് ലോകജനസംഖ്യയുടെ 6 ശതമാനംവരുന്ന അമേരിക്ക ഭൂമിയുടെ മൊത്തം വിഭവശേഷിയുടെ 35% ഉപയോഗിക്കുന്നു. സ്വന്തം അതിരുകൾക്കപ്പുറത്ത് ലോകം നിലനിൽക്കുന്നുവെന്ന് വിശ്വസിക്കാൻ താൽപര്യമില്ലാത്ത ആ രാജ്യം ഭൗമവിഭവങ്ങളുടെമേൽ ആധിപത്യം നിലനിർത്താൻ ഏതറ്റംവരെയും പോകാൻ തയ്യാറാണ്. ഭൂമിയുടെ 3/4 ഉം മനുഷ്യകരങ്ങളുടെ അതിക്രമങ്ങളിലാണ് നശിപ്പിക്കപ്പെടുന്നതെന്ന് പഠനങ്ങളും അനുഭവങ്ങളും കാണിക്കുന്നു. അവയിൽ ഉത്തരനാടുകൾക്കുള്ള പങ്ക് വളരെ വലുതാണ്. ദാരിദ്ര്യം, ആഗോള താപനം, എയ്ഡ്സ്, ആണവായുധീകരണം, ദേശാന്തരവ്യാപാരം തുടങ്ങിയ ജീവൽ പ്രശ്നങ്ങളിലെല്ലാം, 'അമേരിക്ക, അമേരിക്ക' എന്നൊരു നിലപാടിൽ നിന്നുകൊണ്ട് വിവേചനപരമായ നയങ്ങളും തീരുമാനങ്ങളും ലോകത്തെകൊണ്ടംഗീകരിപ്പിക്കുകയോ ലോകത്തിന് മേൽ അടിച്ചേൽപ്പിക്കുകയോ ചെയ്യാൻ, അമേരിക്കക്ക് കഴിയുന്നു. ദേശാന്തരങ്ങളിൽ അധികാരികളും സമ്പന്നരായ സമാനചിന്താഗതിക്കാരുടെ സഖ്യരൂപീകരണത്തിലൂടെ ഭൂമിയിലെ ദുർബ്ബലരുടെ രാക്കിനാവുകൾ പോലും തട്ടിയെടുക്കാൻ അവർക്ക് സാധിക്കുന്നുണ്ട്.

ഭാവിയിൽ പ്രതിയോഗികൾ ജനിക്കാനിടയുള്ള മണ്ണും ഗർഭപാത്രങ്ങളും കാലേക്കൂട്ടി തകർത്തുകളയാനുള്ള അംഗീകാരമവകാശപ്പെട്ടുകൊണ്ടുള്ള അന്താരാഷ്ട്ര സഖ്യങ്ങൾ തന്നെ നിലവിൽ വന്നുകഴിഞ്ഞു. ഭീഷണിപ്പെടുത്തി കാര്യം നോടാവുന്നിടത്ത് നയതന്ത്രം തങ്ങളുടെ ദൗർബ്ബല്യമല്ലെന്ന് അമേരിക്ക പലതവണ കാണിച്ചുകഴിഞ്ഞു. അമേരിക്കയെന്ന 'ജനാധിപത്യ മേൽകോയ്മ' ലോകജനതയെ അവരുടെ 'നിരുത്തരവാദത്തിന്റെ പേരിൽ' (പ്രയോഗത്തിന് ഹെന്റി കിസിംഗറോട് കടപ്പാട്) - അവരെ ശിക്ഷിച്ച ലഘു ചരിത്രത്തിൽ, 1960 കളിൽ വിയറ്റ്നാമിന് നഷ്ടപ്പെട്ടത് 30 ലക്ഷം മനുഷ്യരുടെ ജീവൻ ആളൊന്നിന് 3 പൗണ്ട് ഏജന്റ് ഓറഞ്ച് തങ്ങൾ വിയറ്റ്നാമികൾക്ക് സമ്മാനിച്ചുവെന്ന് സമ്മതിക്കുന്നത് യു.എസ്. കോൺഗ്രസിൽ സെനറ്റർ ഗേ ലോർഡ് നെൽസൽ : 1969 – 73 ൽ കംബോഡിയയിൽ അമേരിക്ക നടത്തിയ നരമേധത്തിൽ 10 ലക്ഷം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 'നരാധമനായ' പോൾപോട്ടിന്റെ പേരിലെഴുതപ്പെട്ട സ്കോറിന്റെ പത്തിരട്ടി വരും അത്. അഫ്ഗാൻ നഗരപ്രാന്തങ്ങളിൽ ശവക്കല്ലറകളായി പൊങ്ങിക്കാണാത്തതൊക്കെ പൊയ്ക്കാലികളുടെ തമ്പുകളാകും. ഒറ്റക്കാലിന് പാദരക്ഷകൾ വിൽക്കുന്ന കടകൾ അഫ്ഗാൻ നഗരങ്ങളുടെ പതിവ് കാഴ്ചയാണത്രെ. ലാറ്റിനമേരിക്ക എന്നോ അമേരിക്കയുടെ അടുക്കളപ്പുറമായിരിക്കുന്നു. ഗബ്രിയേൽ ഗാർഷ്യാ മാർക്കോസ് ഒന്നര ദശാബ്ദം മുമ്പ് സ്റ്റോക്ഹോമിൽ നിരത്തിയത് ഒരു കോടി പ്രേതാത്മക്കളുടെ കണക്കാണ്. സകലം ലാറ്റിനമേരിക്കയിൽ അമേരിക്കയുടെ സുഖങ്ങൾക്ക് ഹോമിക്കപ്പെട്ടവർ ഇറാഖിനെക്കുറിച്ച് എത്ര കുറച്ച് പറയുന്നുവോ അത്രയ്ക്ക് ആശ്വാസം. അധിനിവേശത്തിന് മുമ്പ് ലിബറലുകളുടെ പ്രിയപ്പെട്ട (അമേരിക്കയുടെ പ്രസിഡണ്ട് നമ്മുടെയും) പ്രസിഡണ്ടായ വില്യം ജംഫഴ്സൻ ക്ലിന്റൺ എന്ന 'മനുഷ്യ സ്നേഹി'യുടെ ഇറാഖി ഉപരോധ കാലത്ത് മരിച്ച കുഞ്ഞുങ്ങൾ മാത്രം 5 ലക്ഷം കവിയും. പട്ടിണിയും ശോഷിത യുറേനിയം വികിരണങ്ങൾ സമ്മാനിച്ച അർബുദവും ചേർന്ന് കുഞ്ഞുങ്ങൾ മരിച്ചുകൊണ്ടിരിക്കുമ്പോൾ, ക്ലിന്റന്റെ വിദേശ സെക്രട്ടറി, സ്ത്രീയും അമ്മയുമായ മെഡലിൻ ആൽബ്രൈറ്റ് പ്രതികരിച്ചത്, 'ഞങ്ങളുടെ ലക്ഷ്യവുമായി താരതമ്യം ചെയ്യുമ്പോൾ അത് വലിയൊരു വിലയല്ല' എന്നാണ്. നാസികോൺസൺട്രേഷൻ ക്യാമ്പുകളെ അതിജീവിച്ച മാതാപിതാക്കളുടെ മകളെന്ന ഖ്യാതികൂടി അവർക്കുണ്ട്. 'ആഗോള താപനം ഞങ്ങൾക്ക് വിളവെടുപ്പ് കാലം' നീട്ടിത്തരുമെന്ന് പ്രസ്താവിക്കാൻ ധൈര്യം കാട്ടിയ ജോർജ് വാക്കർ ബുഷ് ഈ പ്രസ്താവനക്ക് മുന്നിൽ വെറുമൊരു ശിശു!

അധിനിവിഷ്ട പലസ്തീനിൽ 80 ശതമാനം മരണങ്ങളും സംഭവിക്കുന്നത് ഭീമായുധങ്ങളാലോ വെടിവെയ്പുകളിലോ ആണ്. അവയിൽ 15 ശതമാനവും 15 വയസിൽ താഴെയുള്ള കുട്ടികൾ. 40 ശതമാനം 15 നും 25 നുമിടക്ക് പ്രായക്കാർ. ദാരിദ്ര്യ നിരക്ക് കഴിഞ്ഞ 3 കൊല്ലത്തിനിടയിൽ 30 ൽ നിന്ന് 86 ശതമാനമായി ഉയർന്നിരിക്കുന്നു.



ഒരമേരിക്കക്കാരന്റെ ജീവന് തുല്യമാകാൻ എത്ര ആഫ്രോ - ലാറ്റിൻ - ഏഷ്യൻ ജീവിതങ്ങൾ വേണ്ടിവരുമെന്ന് അരുന്ധതി റോയി അത്ഭുതപ്പെട്ട പശ്ചാത്തലം ഇതാണ്. ദേശാന്തരീയ കോർപ്പറേറ്റ് താൽപര്യങ്ങളുടെ ഉപോൽപന്നമായി, അധിനിവേശങ്ങളും, യുദ്ധങ്ങളും, ശീതസംഘർഷങ്ങളും, എയ്ഡ്സും, പട്ടിണിയും, 'ഘടനാപരമായ നീക്കുപോക്കുകളും' വാണിജ്യക്കരാറുകളും ചേർന്ന് ഭൂമിയുടെ 80 ശതമാനത്തിന് ജീവിതം ദുരിതപൂർണ്ണമാക്കിത്തീർത്തുകഴിഞ്ഞു. ഐക്യരാഷ്ട്രസഭയും ബ്രെട്ടൻവുഡ് സ്ഥാപനങ്ങളും റിപ്പബ്ലിക്കുകളുടെ പരമാധികാര പാർലമെന്റുകൾ പോലും ഈയൊരു ലക്ഷ്യത്തിനായി സമ്മർദ്ദമോ ഭീഷണിയോ ഉപയോഗിച്ച് വഴക്കിയെടുക്കപ്പെട്ടിരിക്കുന്നു. ഇത് പ്രകടമായ രാഷ്ട്രീയമല്ലേ എന്ന ചോദ്യമുയരാം. പക്ഷെ ഇതിൽനിന്ന് വേർപ്പെടുത്തി രോഗത്തിന്റെ ഭൂമിക അപഗ്രഥിക്കാൻ കഴിയില്ല. ലോകത്തിന്റെ പൈദാഹമടക്കാൻ വർഷം 19 ബില്യൻ ഡോളർ മതിയെന്നിരിക്കെ, അത് ചെയ്യാതെ, 850 ബില്യൻ ഡോളർ ആയുധങ്ങളിൽ ചെലവാകുകയും ഹരോൾഡ് ഹിന്ററുടെ ഭാഷയിൽ അതുപയോഗിച്ച് നിസ്സഹായരായ മനുഷ്യരിൽ മാനുഷികമായ ഇടപെടൽ നടത്തുകയും അങ്ങനെ

● പുസ്തകപരിചയം

# ക്യാൻസർ എന്ന ആഹ്ലാദം

**ഷീബ അമീർ**



"വിരോധാഭാസമെന്ന് തോന്നുംവിധം മരണമുഖത്ത് നിന്നാണ്, ഞാൻ ആദ്യമായി യഥാർത്ഥത്തിൽ ജീവിയ്ക്കാൻ പഠിച്ചു തുടങ്ങിയത്" - നാലുമാസത്തിൽ കൂടുതൽ ജീവിച്ചിരിയ്ക്കാൻ സാധ്യതയില്ല എന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയ ഒരാളുടെ വാക്കുകളാണിത്. ഒരു ഇന്റർനാഷണൽ പരസ്യക്കമ്പനിയുടെ വൈസ് പ്രസിഡണ്ടായിരുന്ന അനൂപ് കുമാർ "യഥാർത്ഥത്തിൽ ജീവിയ്ക്കാൻ" തുടങ്ങിയതിനുശേഷമുള്ള തന്റെ ആലോചനകളും കണ്ടെത്തലുകളും രേഖപ്പെടുത്തിയ പുസ്തകമാണ് അർബുദത്തിന്റെ സന്തോഷം (The Joy of Cancer).

വൈദ്യശാസ്ത്രത്തിന്റെ അത്തരമൊരു വിധിയെഴുത്തിൽ നിന്നും ഉരുത്തിരിയുന്ന ശാരീരികവും വൈകാരികവുമായ വിക്ഷോഭവും, അതിലുമുപരി മരണവിധിയെപ്പോലും പിൻതിരിപ്പിയ്ക്കുന്ന മനസ്സിന്റേയും ശരീരത്തിന്റേയും ശക്തിയും പ്രതിപാദിയ്ക്കുന്നതാണ് ഈ പുസ്തകം.

കാൻസർ എന്ന രോഗത്തിന്റെ വിദഗ്ദ്ധൻ എപ്പോഴും രോഗി തന്നെയാണെന്നും, ഒരു ഡോക്ടർക്ക് ആവശ്യമില്ലാത്ത പല കാര്യങ്ങളും മനസ്സിലാക്കാൻ ഈ വൈദഗ്ദ്ധ്യത്തിന് സാധിച്ചു എന്നും ഈ പുസ്തകത്തിൽ പ്രതിപാദിയ്ക്കുന്നു. ജീവിതത്തിൽ ക്യാൻസറിനെ എങ്ങിനെ സ്വീകാര്യമാക്കാൻ സാധിയ്ക്കും എന്നും, ഭീതിയെ എങ്ങിനെ കീഴടക്കാൻ സാധിയ്ക്കുമെന്നും, കീമോതെറാപ്പിയുടെ പാർശ്വവശങ്ങളും, എന്തൊക്കെ മുൻകരുതലെടുക്കാമെന്നുമൊക്കെയുള്ള ചോദ്യങ്ങൾക്ക് Joy of Cancer എന്നപുസ്തകം ഉത്തരം തരുന്നു.



"ദയവായി ഒരു നിമിഷം! എനിയ്ക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടതുണ്ട്."

ക്യാൻസറിനോട് പൊരുതാൻ ഏഴു യുദ്ധമുറകൾ പറഞ്ഞുതന്ന ഈ പുസ്തകം, ഈ യുദ്ധം പ്രഖ്യാപിച്ചവർക്കും, അവരുടെ ഏറ്റവും അടുത്തവർക്കും ധൈര്യവും കരുത്തും പകരാൻ പ്രയോജനപ്രദമാണ്.

*The Joy of Cancer by Anoop Kumar.*
*Page : 242, Rs. 195/-,*
*Rupa & Co., New Delhi-2*



ചിത്രീകരണം : മോഹനൻ വി.

ലോകത്തെ 3/4 മരണങ്ങളും മനുഷ്യകരണങ്ങളുടെ അതിക്രമങ്ങളിൽ സംഭവിക്കുകയും ചെയ്യുമ്പോൾ മനുഷ്യ ദുരിതങ്ങളിൽനിന്നും രാഷ്ട്രീയം മാറ്റിവെക്കാൻ നമുക്ക് കഴിയില്ല. മറ്റെ പാതിയുടെ മരണത്തിൽ / അവരുടെ ജീവിതത്തിലും തങ്ങൾക്കുള്ള ഉത്തരവാദിത്തത്തിൽനിന്ന് അധീശശക്തികൾക്ക് ഒഴിഞ്ഞുമാറാനും ആവില്ല.

## അൽമ അത്ത : പ്രത്യാശയും ദുരന്തവും

1978 സെപ്തംബർ 12 ന് 134 രാഷ്ട്രങ്ങളിലെ ആരോഗ്യ മന്ത്രിമാർ അൽമ അത്തയിൽ '2000-ാമാണ്ടോടെ സർവ്വർക്കും ആരോഗ്യം' എന്ന സുപ്രധാന പ്രമാണത്തിൽ ഒപ്പുവെക്കുമ്പോൾ അതൊരു ചരിത്ര സംഭവമായിരുന്നു. സാധാരണക്കാരന്റെ ആരോഗ്യ രക്ഷയുടെ മഗ്നാകാർട്ട എന്നാണത് വിശേഷിക്കപ്പെട്ടത്. രോഗം, സൂക്ഷ്മജീവികൾക്കും തന്മാത്രതലത്തിലെ മാറ്റങ്ങൾക്കപ്പുറം, രാഷ്ട്രീയ - സാമ്പത്തിക - സാമൂഹിക മാനങ്ങളുള്ളതാണെന്ന്, രോഗി - ഡോക്ടർ - ആശുപത്രി സമവാക്യങ്ങൾക്കപ്പുറം, രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ഇടപെടലുകളാൽ നിയന്ത്രിക്കപ്പെടേണ്ടതാണെന്നും അൽമ അത്ത പ്രമാണങ്ങൾ തിരിച്ചറിയുന്നു. പ്രത്യാശാഭരിതമായ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളുമായി പ്രതിനിധികൾ താന്താങ്ങളുടെ നാടുകളിലേക്ക് മടങ്ങുമ്പോൾ അൽമ അത്തയിൽ ശിശുമരണ നിരക്ക് ആയിരത്തിന് ആറായിരുന്നു. പക്ഷെ ഒന്നാം പിറന്നാളാഘോഷിക്കപ്പെടുംമുമ്പെ അൽമ അത്ത പ്രഖ്യാപനത്തിന്റെ ജാതകം തിരുത്തപ്പെട്ടു. ജോൺ ഹോപ്കിൻസ് യൂനിവേഴ്സിറ്റിയുടെ പൊതുജനാരോഗ്യവിഭാഗം അതിന് സൈദ്ധാന്തികവും പ്രായോഗികവുമായ ബദൽ പ്രമാണങ്ങൾ നിരത്തി. പ്രലോഭനവും സ്വാധീനവുമുപയോഗിച്ച് അവർ ലോകത്തെവിടെയും ആരോഗ്യപരിപാടികളും പദ്ധതികളും റാഞ്ചിയെടുത്തു. അൽമഅത്ത നിർദ്ദേശങ്ങൾ സങ്കീർണ്ണവും, വികസ്വരനാടുകളുടെ വിഭവശേഷിക്ക്, താങ്ങാനാവാത്തതും വൻസാമ്പത്തിക ബാധ്യത വരുത്തിവെക്കുന്നതുമാണെന്നാണ് അതിന് അവർ നിരത്തിയ ന്യായം. തുടർന്ന് വന്ന 25 വർഷങ്ങളിൽ സോവിയറ്റ് യൂണിയൻ തകരുകയും, ഏകധ്രുവത്തിലേക്ക് ആഗോളീകരണത്തിന്റെ ഭ്രാന്തൻ സ്വപ്നങ്ങൾക്ക് നാം സ്വയം സമർപ്പിക്കുകയും ചെയ്തപ്പോൾ, അൽമഅത്തയിൽ സ്വതന്ത്ര കസാക്കിസ്ഥാന്റെ ശിശുമരണനിരക്ക് ആയിരത്തിന് അറുപതായി ഉയർന്നു കഴിഞ്ഞിരുന്നു. ഒരു മഹത്തായ സ്വപ്നം നിർദ്ദയമായി വഞ്ചിക്കപ്പെട്ടു. അൽമ അത്ത പ്രഖ്യാപനം ഒരു പകൽകിനാവ്പോലെ ദുരന്ത പ്രഹസനമായി.



## അൽമ അത്തയെക്കുറിച്ച് അവർ ഭയപ്പെട്ടതെന്തായിരുന്നു ?

2000-ാമാണ്ടോടെ സർവ്വർക്കും ആരോഗ്യമെന്ന ലക്ഷ്യത്തോടെ, ദശപ്രമാണരേഖയാണ് അൽമ അത്തയിൽ അംഗീകരിച്ച് ഒപ്പ് വെച്ചത്.

ഒന്നാം പ്രമാണം : ആരോഗ്യം മൗലികമായ മനുഷ്യാവകാശമാണ്.

രണ്ടാം പ്രമാണം : ആരോഗ്യാവസ്ഥയിൽ നിലവിലുള്ള അസന്തുലിതത്വം (രാജ്യങ്ങൾക്കിടയിലും, രാജ്യങ്ങൾക്കകത്തും) അസ്വീകാര്യമാണ്.

മൂന്നാം പ്രമാണം : സാമ്പത്തികവും സാമൂഹികവുമായ വികസനം എല്ലാവർക്കും ആരോഗ്യമെന്ന സങ്കൽപത്തിന്റെ മൂലാധാരമാണ്.

നാലാം പ്രമാണം : ആരോഗ്യരക്ഷ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ഒറ്റയും കൂട്ടായും പങ്കുവഹിക്കുക ജനങ്ങളുടെ അവകാശവും ബാധ്യതയുമാണ്.

അഞ്ചാം പ്രമാണം : സാമൂഹികവും സാമ്പത്തികമായും ഉൽപാദനക്ഷമമായ ജീവിതം നയിക്കാൻ പാകത്തിൽ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. സാമൂഹിക നീതിയുടെ ഉപകരണമെന്ന നിലയിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള താക്കോലാണ് പ്രാഥമിക ആരോഗ്യരക്ഷ.

ആറാം പ്രമാണം : സാമൂഹിക സ്വീകാര്യതയും സാർവത്രിക ലഭ്യതയും ജനങ്ങളുടെ പൂർണ്ണപങ്കാളിത്തവും അവരുടെ സ്വയം പര്യാപ്തതയും സ്വയം നിർണ്ണയാവകാശവും പ്രാഥമികാരോഗ്യരക്ഷയുടെ അനിവാര്യതകളാണ്.

ഏഴാം പ്രമാണം : പ്രൈമറി ഹെൽത്ത് കെയർ ഒരു നാടിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക സവിശേഷതകളിൽനിന്ന് രൂപപ്പെടുന്നതും അവയെ പ്രതിഫലിപ്പിക്കുന്നതുമാണ്.

എട്ടാം പ്രമാണം : പ്രൈമറി ഹെൽത്ത് കെയർ നടപ്പിലാക്കുന്നതിന് ദേശീയാരോഗ്യ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

ഒമ്പതാം പ്രമാണം : പ്രൈമറി ഹെൽത്ത് കെയർ സാക്ഷാത്കരിക്കുന്നതിന് രാഷ്ട്രങ്ങൾ പരസ്പരം സഹകരിക്കണം.

പത്താം പ്രമാണം : ഇപ്പോൾ സൈനിക സംഘർഷങ്ങൾക്കും ആയുധസംഭരണത്തിനും ഉപയോഗിക്കുന്ന വിഭവങ്ങളുടെ മെച്ചപ്പെട്ട പുനർവിനിയോഗത്തിലൂടെ 'സർവ്വർക്കും, രണ്ടായിരാമാണ്ടോടെ ആരോഗ്യം' എന്ന ലക്ഷ്യം സാധ്യമാണ്.



പ്രമാണം ഒപ്പിട്ട കൈകൾ തിരിച്ച് നാട് പിടിക്കും മുന്നെ, പക്ഷെ പ്രമാണത്തിന്റെ ജാതകം തിരുത്തിക്കുറിക്കപ്പെട്ടു. തൽപരസംഘങ്ങൾക്ക് വേണ്ടി അത് ചെയ്തതാകട്ടെ ലോകത്തെവിടെയും 'സാധാരണക്കാരന്റെ' പേരിൽ 'നെഞ്ചിലൊരു നെരിപ്പോട്' സൂക്ഷിക്കുന്ന ജോൺഹോപ്കിൻസ് യൂനിവേഴ്സിറ്റിയുടെ പൊതുജനാരോഗ്യവിഭാഗവും. ആരോഗ്യമെന്നാൽ കേവലം രോഗവും പ്രതിരോധവും ചികിത്സയും എന്ന സങ്കൽപ്പത്തിൽ കവിഞ്ഞ്, രോഗത്തെ നിർണ്ണയിക്കുന്ന രാഷ്ട്രീയ - സാമൂഹ്യ - സാമ്പത്തിക ഘടകങ്ങളെ മാറ്റിയെഴുതുകയെന്നതായിരുന്നു അൽമ അത്ത പ്രഖ്യാപനത്തിന്റെ ആത്മാവ്. നിഷ്പക്ഷമായ ഒരു ശാസ്ത്ര പ്രമാണമായിരുന്നില്ല അത്. മറിച്ച് ഭൂമിയിൽ സാധാരണക്കാരന്റെ പക്ഷം പിടിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയരേഖയായിരുന്നു. അൽമ അത്ത വിഭാവനം ചെയ്ത ഇടപെടലുകൾ വ്യക്തിയുടെ ജീവിതശീലങ്ങളിൽ പരിമിതമായിരുന്നില്ല. സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ ബന്ധങ്ങളിൽ ദൂരവ്യാപകമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതും ആരോഗ്യപരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാകുന്നതിലും സാധാരണക്കാരന്റെ പങ്കാളിത്തവും പങ്കാളിത്തത്തിന്റെ സമ്പൂർണ്ണമായ ജനാധിപത്യവൽക്കരണവും ആവശ്യപ്പെടുന്നതായിരുന്നു അത്.

പതിവുകൾ നിരാകരിച്ച്കൊണ്ട് സാമൂഹിക ഘടനയുടെ യാഥാസ്ഥിതിക ബന്ധങ്ങളെ ഉടച്ചുവാർക്കുന്നതിനുള്ള ശേഷി അതിനുണ്ടായിരുന്നു. അത് അലോസരങ്ങളുണർത്തുന്ന ചോദ്യങ്ങൾ ഉയർത്തുകയും പലതും ഉടച്ചുവാർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉയർത്തുകയും ചെയ്തപ്പോൾ 'അത്താഴം മുടങ്ങുമെന്ന്' ഭയപ്പെട്ടവർക്ക് വേണ്ടി ജോൺ ഹോപ്കിൻസ് ഇടപെട്ടു. അൽമ അത്ത നിർദ്ദേശിച്ച സമഗ്ര സമീപനം അപ്രായോഗികമാണെന്ന് നിരീക്ഷിച്ച യൂനിവേഴ്സിറ്റി, 134 രാജ്യങ്ങളിലെ ആരോഗ്യ മന്ത്രിമാരുടെയും ആരോഗ്യപ്രവർത്തകരുടെയും കൂട്ടായ നിശ്ചയങ്ങളെ അട്ടി



മറിച്ചുകൊണ്ട് 1979 ൽ (1978 അവസാനത്തിലാണ് അൽമഅത്ത പ്രഖ്യാപനം വരുന്നത്) സമഗ്രമായ ആരോഗ്യ രക്ഷാ പരിപാടികൾക്ക് പകരമായി സെലക്ടീവ് പ്രോഗ്രാം (തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ) എന്ന പുതിയൊരു സംഗതി മുന്നോട്ട് വെച്ചു. പ്രതിരോധ കുത്തിവെയ്പ്, പാനീയ ചികിത്സ, മാതാവിന്റെ ആരോഗ്യം എന്നിങ്ങനെ ഖണ്ഡശ്ശ പരിപാടികൾ ആയിരുന്നു അവ.

വെർട്ടിക്കൽ പ്രോഗ്രാമുകൾ എന്നാണവ അറിയപ്പെടുന്നത്. സ്വന്തം കുഞ്ഞിന്റെ ജാതകം തിരുത്തുന്നത് നിസ്സഹായമായി നോക്കിനിൽക്കുക മാത്രമല്ല ജോൺ ഹോപ്കിൻസ് പദ്ധതികൾ യൂനിസെഫ് ഒരു മടിയും കൂടാതെ ഏറ്റെടുക്കുകയും പരമാധികാര രാജ്യങ്ങളിൽ നടപ്പാക്കിത്തുടങ്ങുകയും ചെയ്തു. ഡോളറുകൾ അനേകലക്ഷം കൈമറിഞ്ഞുവെങ്കിലും പദ്ധതികൾ ഒന്നും ലക്ഷ്യം കണ്ടില്ല. തുടക്കത്തിൽ താൽക്കാലികമായി പുരോഗതി സൂചിപ്പിച്ച ആരോഗ്യ രക്ഷാ സൂചനികൾ, അൽമഅത്ത മൗലികമായ ചലനങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെട്ട ഏഷ്യൻ ആഫ്രിക്കൻ നാടുകളിൽ 80 കൾക്കൊടുവിലും 90 കളിലും കുത്തനെ താഴേക്ക് വന്നു. പങ്കാളിത്ത ജനാധിപത്യം ആരോഗ്യ ആസൂത്രണ മേഖലയിൽ നടപ്പായില്ല. ഉദ്യോഗസ്ഥ മേധാവിത്തവും പണാധിപത്യവും അടിച്ചേൽപ്പിക്കൽ പരിപാടികളും വിപരീത ഫലങ്ങളുളവാക്കി. പ്രതിരോധ കുത്തിവെയ്പുകളുടെയും പാനീയ ചികിത്സയുടെയും പോലും ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെട്ടു. ജനങ്ങളുടെ ജീവിതം അൽമഅത്ത ഒപ്പിടുന്നതിന് മുമ്പത്തേതുപോലെ തന്നെ ശോചനീയമായി തുടർന്നു. പ്രാദേശിക ആരോഗ്യപ്രശ്നങ്ങളിൽ മുൻഗണനാക്രമം നിർണ്ണയിക്കാനോ നടപ്പാക്കാനോ ഉള്ള അവകാശം തദ്ദേശീയർക്ക് നൽകപ്പെട്ടില്ല. ഔഷധക്കമ്പനികളുടെയും ഉദ്യോഗസ്ഥ പ്രഭുത്വത്തിന്റെയും കോർപ്പറേറ്റ് എസ്റ്റാബ്ലിഷ്മെന്റിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുകയായിരുന്നു മുഖ്യ അജണ്ട എന്നുവേണം സംശയിക്കാൻ.

അരനൂറ്റാണ്ട് മുമ്പ് ജനമുന്നേറ്റത്തിന് മുമ്പിൽ കീഴടങ്ങിയ കൊളോണിയലിസം ഗാട്ടും (GATT) സാപും (SAP) ആയി പരോക്ഷമായി പുനരവതരിച്ചു. പോരാ; അഫ്ഗാനിസ്ഥാനിലും ഇറാഖിലും സാമ്രാജ്യത്വം കൈക്കരുത്ത് കൊണ്ടുതന്നെ പരസ്യമായി സൈനികാധിനിവേശം നടത്തി. ലോകത്തിന്റെ 2/3 ഭാഗത്തും ഒരിക്കൽ പടികടന്നു


*ആശംസകളോടെ*

# NATIONAL PHARMA

## Nilambur, Malappuram

**Phone : 04931 220123 (O), 221345 (R),**

**9447180123 (M)**

---

**A Leading Dealer of Reputed Pharmaceutical Companies in India.**
**We have open a special counter for pain & paliative clinic all over Kerala with special rates.**

---

***Please condact :***

**National Pharmaceuticals, Hospital Road, Nilambur**
**Malappuram - 679 329**



ചിത്രീകരണം : മോഹനൻ വി.

പോയെന്ന് കരുതിയ സൂക്ഷ്മജീവികൾ മടങ്ങിയെത്തി മഹാമാരികൾ വിതച്ചുതുടങ്ങി. ഭൗമതാപനം എല്ലാ അളവുകളും ലംഘിച്ചു. ആണവായുധങ്ങളും ആയുധപ്പന്തയവും സർവ്വകാല റെക്കോർഡായി. ആണവ മാലിന്യങ്ങൾ അനന്തമായ കെടുതികൾക്ക് വിത്തെറിഞ്ഞു കഴിഞ്ഞു. പ്രത്യക്ഷവും പരോക്ഷവുമായ കടന്നുകയറ്റങ്ങൾ അരക്ഷിതമാക്കിയ ദുർബ്ബല രാജ്യങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ അപകടപ്പെടുത്തിക്കൊണ്ടു തന്നെ ആണവായുധങ്ങളടക്കമുള്ള സൈനിക മത്സരങ്ങൾക്കിറങ്ങി തിരിക്കുന്നതാണ് നാം കാണുന്നത്. റിപ്പബ്ലിക്കുകളുടെ പരമാധികാരം വെറും മതിഭ്രമമായി. തൊഴിലും വിദ്യാഭ്യാസവും അപകടപ്പെട്ട ദരിദ്ര രാജ്യങ്ങൾ അതിവേഗം എയ്ഡ്സ് പോലുള്ള മഹാമാരികൾക്ക് അധീനപ്പെട്ടു. എയ്ഡ്സാകട്ടെ, ദരിദ്രമായ ആരോഗ്യ സാമ്പത്തിക സ്രോതസ്സുകളെ ഇനിയും ക്ഷീണിപ്പിക്കുകയും ഉൽപാദനക്ഷമതയും രാജ്യസുരക്ഷിതത്വം പോലും അപായപ്പെടുത്തുകയും ചെയ്തു. ജോൺ ഹോപ്കിൻസ് തുടങ്ങിവെച്ചത് ലോകബാങ്കും നാണ്യനിധിയും ചേർന്ന് പൂർത്തിയാക്കുന്നതാണ് പരമ്പരയുടെ തുടർകാഴ്ചകൾ.

1980 കളിൽ കാർഷിക വ്യവസായ വികസനത്തിനായി ഉത്തര നാടുകളുടെ ബാങ്കുകളും ഐ.എം.എഫ്. ലോകബാങ്ക് സ്ഥാപനങ്ങളും അവികസിത നാടുകൾക്ക് വൻതോതിൽ വായ്പ നൽകി. യന്ത്രവൽകൃത വികസന മാതൃകയാണ് ഈ സ്ഥാപനങ്ങൾ നിർദ്ദേശിച്ചത്. ഇന്ന് നാം കാണുന്നതുപോലെ ലോകത്തെ മിക്ക രാജ്യങ്ങളെയും ഈ ബാങ്കുകൾക്ക് തീരാത്ത കടക്കാരാക്കിത്തീർക്കുകയാണ് അത് ചെയ്തത്. സേവന മേഖലകൾ, സബ്സിഡികൾ എന്നിവ വെട്ടിച്ചുരുക്കി, വരുമാനത്തിൽ കിട്ടാവുന്നത് കൊണ്ട് തങ്ങളുടെ കടം തിരിച്ചടപ്പിക്കുന്നതിനുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ (SAP) അടിച്ചേൽപ്പിച്ച്കൊണ്ട് ഈ സ്ഥാപനങ്ങൾ പരമാധികാര രാജ്യങ്ങളുടെ നിയന്ത്രണം പരോക്ഷമായി ഏറ്റെടുത്തു. ദരിദ്രരും, ദുർബ്ബലരും, അന്യഥാ പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹങ്ങളുമായിരുന്നു ഈ പരിഷ്കരണങ്ങളുടെ മുഖ്യ ഇരകൾ.

1990 വരെയും ലോകബാങ്ക് പരിമിതമായ തോതിലെ ആരോഗ്യ മേഖലയിൽ ഇടപെട്ടിരുന്നുള്ളൂ. പക്ഷെ 1990



കളിൽ ലോകബാങ്കിന്റെ ആരോഗ്യ മേഖലയിലെ മുതൽമുടക്ക് ലോകാരോഗ്യ സംഘടനയുടെ വാർഷിക ബജറ്റിന്റെ മൂന്നിരട്ടിയിലേറെയായി. തൊഴിലാളികളുടെ അനാരോഗ്യം, അവരുടെ ക്രിയാശേഷിയെ പരിമിതപ്പെടുത്തുകയും വളർച്ചാനിരക്ക് കുറക്കുകയും ചെയ്യുന്നുവെന്ന നിഗമനത്തിലാണ് ബാങ്ക് ആരോഗ്യ മേഖലയിൽ മുതൽമുടക്കാൻ തീരുമാനിച്ചത്. ലോകാരോഗ്യ സംഘടനയെ പിന്തള്ളി. ആരോഗ്യ മേഖലയിലെ ആസൂത്രണങ്ങളെ സ്വാധീനിക്കാൻ ബാങ്കിന് കഴിഞ്ഞു. ബാങ്കിൽനിന്നും കടംകിട്ടുവാൻ 'സാമ്പത്തിക പരിഷ്കരണം' മുന്നുപാധിയായിരുന്നു. സ്വാഭാവികമായും അത് സ്വതന്ത്ര വിപണിയെയും സ്വകാര്യ സാമ്പത്തിക ശക്തികളെയും പ്രോത്സാഹിപ്പിക്കുന്നതായി. സ്വതേ വീണുകിടക്കുന്ന ദുർബലർക്കുമേൽ അത് അവസാനത്തെ ആഘാതവും ഏൽപ്പിച്ചു. 'ഉപയുക്തത' (utitlity) മാനദണ്ഡമാകുമ്പോൾ, സാമ്പത്തിക വികസനത്തിന് സംഭാവനകളർപ്പിക്കാൻ കഴിയാത്ത മേഖലകളും വ്യക്തികളും പുറന്തള്ളപ്പെടുക എന്നതും സ്വാഭാവികമായിതന്നെ സംഭവിച്ചു.

2000 മാണ്ടോടെ അൽമ അത്തയുടെ സംസ്കാരം പൂർണ്ണമായി. 80 കളിൽ വികസന ദിശയിൽ സംഭവിച്ച വ്യതിയാനം 2000 ാമാണ്ടിൽ, എല്ലാവർക്കും ആരോഗ്യത്തിന് പകരം സകലർക്കും 'ബിഗ്മാക്' എന്നേടത്തെത്തി- മുമ്പൊരിക്കലും സംഭവിക്കാത്ത വിധം മക്ഡൊണാൾഡ് - കൊക്കക്കോള മുതലായ ബഹുരാഷ്ട്ര കുത്തകകളുമായി ചേർന്ന് യൂനിസെഫ് പങ്കുകച്ചവടം തുടങ്ങി. മക്ഡൊണാൾഡിന്റെ 'ബിഗ്മാക്' വിറ്റുകൊടുക്കാൻ യുനിസെഫിന്റെ ബ്രാന്റ് നാമം ഉപയോഗിക്കപ്പെട്ടു. ന്യായം, വില്പനയിൽ ലാഭത്തിന്റെ ഒരു പങ്ക് യുനിസെഫിനായിരിക്കും. കുടിനീരും, ഉരിയരിയുമില്ലാത്ത സാധുക്കൾക്ക് മുമ്പിൽ ബർഗറും കൊക്കക്കോളയും സമർപ്പിച്ച്കൊണ്ട് യുനിസെഫ് മേരി അന്റോണിറ്റിനെ കടത്തിവെട്ടി. ആത്യന്തികമായി അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ പ്രതിബദ്ധത ആരോടാണെന്നവർ തെളിയിക്കുകയും ചെയ്തു. 978 ന്റെ വസന്തം ഭഗ്നാശമായ ഒരു വിപ്ലവത്തിന്റെ പരമദയനീയമായ പതനത്തിന് വഴിയൊരുക്കി അരങ്ങൊഴിഞ്ഞുതന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി

## സമാശ്വാസത്തിന് സംഘംചേർന്ന അയൽക്കണ്ണികൾ

ഉത്തര കേരളത്തിൽ നിശ്ശബ്ദം ഒരു ശുശ്രൂഷാ വിപ്ലവം അരങ്ങേറുന്നു. ഒരു പക്ഷെ കഴിഞ്ഞ രണ്ടുമൂന്ന് പതിറ്റാണ്ടുകളിൽ കേരളത്തിൽ നടക്കുന്ന ആരോഗ്യരംഗത്തെ ശ്രദ്ധേയമായ ജനകീയ ഇടപെടലായിരിക്കാം അത്. 45 ഓളം ക്ലിനിക്കുകളും ഏതാണ്ടത്രയും തന്നെ ഗൃഹസന്ദർശന യൂണിറ്റുകളും ഉത്തര കേരളത്തിലെ നാല് ജില്ലകളിൽ ശരാശരി വർഷത്തിൽ 8000 നും 9000 നുമിടയ്ക്ക് കിടമുടക്കിലായ രോഗികൾക്കും മാറാരോഗികൾക്കും പരിചരണവും ചികിത്സയും നൽകുന്നു. രണ്ടായിരത്തോളം പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകരാണ് ഈ സംരംഭത്തിന്റെ പ്രായോജകർ. പരിശീലനത്തിന് ശേഷം പ്രാദേശികമായി ചെറുസംഘങ്ങൾ രോഗികളെ കണ്ടെത്തുകയും, പ്രാദേശികാവശ്യങ്ങൾക്കും സാധ്യതകൾക്കും അനുസൃതമായി അവർക്ക് ചികിത്സയും സാമൂഹികവും മാനസികവുമായ തുണയും നൽകുന്നു. ഹോസ്പീസ് പ്രസ്ഥാനത്തിന്റെ ഭൗതിക തുടർച്ച ഏറ്റെടുക്കുമ്പോഴും, ഈ സംഘങ്ങൾ ആത്മീയമായി അൽമ അത്തയുടെ ചൈതന്യത്തോടാണ്



ചേർന്ന് നിൽക്കുന്നത്. ഒരു പക്ഷെ പാലിയേറ്റീവ് ഫിലോസഫിയുടെ സ്വാഭാവിക വികാസമെന്ന് നമുക്കതിനെ മനസ്സിലാക്കാം.

1960 കളിൽ, ബ്രിട്ടീഷ് ആശുപത്രികളിൽ മരണാസന്നരായ രോഗികളുടെ അടുക്കൽ നിത്യസന്ദർശയായിരുന്നു സിസിലി സോണ്ടേഴ്സ് എന്ന സാമൂഹ്യ പ്രവർത്തക. 'നിങ്ങളെനിക്ക് ചെയ്തുതന്നത് എന്നെപ്പോലെയുള്ള അനേകർക്കെത്തിക്കുവാൻ' എന്ന ഒസ്യത്തോടെ ഡേവിഡ് ടസ്മ എന്ന പോളിഷ് അഭയാർത്ഥി മരണക്കിടക്കയിൽ വെച്ച് തന്റെ സമ്പാദ്യത്തിലെ ശേഷിപ്പ് അവരെ ഏൽപ്പിച്ച് അന്ത്യയാത്രയാകുന്നു. സിസിലി നഴ്സിംഗും തുടർന്ന് വൈദ്യവും പഠിച്ച് ആസന്നമരണർക്ക് വേണ്ടി സെന്റ് ക്രിസ്റ്റഫർ ഹോസ്പീസ് തുറന്നു. അവർക്കഭയവും വേദനകളിൽനിന്ന് മോചനവും നൽകാൻ അവർ തന്റെ ശിഷ്ടജീവിതം മാറ്റിവെച്ചു. ആധുനിക വൈദ്യശാസ്ത്രത്തിലെ ഏറ്റവും പുതിയ ശാഖയായ പാലിയേറ്റീവ് മെഡിസിൻ ഏതാനും വർഷങ്ങൾക്കകം സെന്റ് ക്രിസ്റ്റഫറിന്റെ പടികൾ കടന്ന് അക്കാദമിക അംഗീകാരവും, സമൂഹ പ്രതിഷ്ഠയും ആർജിച്ചു. അപ്പോഴും അഭിജാത മരണത്തെക്കുറിച്ചല്ലാതെ അനേകരുടെ ദുരിതജീവിതം പാലിയേറ്റീവ് കെയറിന്റെ ഉൽകണ്ഠയായിരുന്നില്ല. അത്രമേൽ അരാഷ്ട്രീയമായ


*With best compliments from :*

# SASA AGENCIES

***Pharmaceutical Distributors***

**Calicut Road,**

**MANJERI**

Phone : 0483 - 2766470, 2760057, 9447160057

E-mail : hessco@hotmail.com

ഒരു നിലപാട് ഗ്രേറ്റ് ബ്രിട്ടന്റെ സമ്പന്നതയുടെ പശ്ചാത്തലത്തിൽ പരിക്കില്ലാതെ കൊണ്ടുപോകാൻ കഴിഞ്ഞുവെന്നത് ശരി. പക്ഷെ ഏറെക്കാലത്തേക്കില്ല.

ജർണൽ ഓഫ് പാലിയേറ്റീവ് കെയറിൽ തന്റെ സാമൂഹ്യശാസ്ത്ര ചിന്തകൾ അവതരിപ്പിച്ച് കൊണ്ട് ഡേവിഡ് റോയി എഴുതി "സാധുക്കളോട് നമുക്കുള്ള താൽപര്യം അവരെങ്ങനെ ജീവിക്കുന്നുവെന്നതിനെ അവഗണിച്ചുകൊണ്ട് അവർക്ക് സുഖമരണം നൽകുക എന്നതിൽ പരിമിതപ്പെടുത്തുകയാണെങ്കിൽ അത് മാനുഷികമായും സാമൂഹികമായും അപഹാസ്യമായ ഒരു നിലപാടായിപ്പോയി" എന്ന്. 19-ാം നൂറ്റാണ്ടിൽ റഷ്യയിൽ കർഷകർ എങ്ങനെ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നുവെന്നതിനെച്ചൊല്ലി ടോൾസ്റ്റോയിയുടെ ഉൽകണ്ഠകളെ പിന്തുടരുകയായിരുന്നു റോയി. വേദനയെക്കുറിച്ച് പറയുമ്പോൾ റോൺലെറിഷ്, അതനുഭവിക്കുന്ന വ്യക്തിയുടെ അന്തഃസംഘർഷങ്ങൾ അവഗണിച്ച് അതിനെ ഉദ്ദീപനങ്ങളുടെ നാഡികളിലൂടെയുള്ള തരംഗപദനങ്ങളായി ന്യൂനീകരിക്കുന്നതിനെതിരെ മുന്നറിയിപ്പ് നൽകുന്നു. മൂന്നു പതിറ്റാണ്ടുകാലത്തെ പാലിയേറ്റീവ് കെയർ നടന്ന വഴികളെ നിശിതമായി വിശകലനം ചെയ്തുകൊണ്ട് 'മാനസിക സാമൂഹ്യ ശുശ്രൂഷ' ഇപ്പോൾ സാമൂഹികമെന്നതിനെക്കാൾ മാനസികമായി പരിമിതപ്പെട്ടിരിക്കുന്നുവെന്നും സാമൂഹിക ശുശ്രൂഷയിൽ പാലിയേറ്റീവ് കെയറിന്റെ ഭാഷയും താൽപര്യങ്ങളും പ്രൊഫഷണൽ സാമൂഹ്യ പ്രവർത്തനത്തിനും വൈദിക ശുശ്രൂഷയ്ക്കും അപ്പുറം പോകാതായതോടെ സാമൂഹിക പരിചരണം പുറകോട്ട് പോയി എന്നും, ശുശ്രൂഷയെന്ന ആശയം തന്നെ അതിന്റെ രാഷ്ട്രീയ മാനങ്ങൾ നഷ്ടപ്പെട്ട് ആശുപത്രിമുറിയിലൊതുങ്ങിയെന്നും അലൻകെല്ലിയർ നിരീക്ഷിക്കുന്നു. സാമ്പ്രദായിക വൈദ്യശാസ്ത്രത്തിന് ധാർമ്മികവും ദർശനപരവുമായ ഒട്ടേറെ തിരുത്തുകളുമായി വന്ന പാലിയേറ്റീവ് വിപ്ലവം പാതിവഴിയിൽ സ്തംഭിച്ചു പോയത് ഒരു പക്ഷെ ബ്രിട്ടീഷ് കുലീനതയുടെ പരിമിതികളിലാവാം. ഒരു പക്ഷെ അത് വളർന്ന സാഹചര്യങ്ങളുടെ പ്രത്യേകതയാലുമാവാം.

എന്നാൽ വികസ്വര നാടുകളുടെ ഭൗതിക സാഹചര്യങ്ങൾ റോയിയും അലനും നിർദ്ദേശിച്ച തിരുത്തുകൾ പാലിയേറ്റീവ് കെയറിൽ അനിവാര്യമാകുന്നുണ്ട്. സ്വരാജിനെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപം, ഏറ്റവും എളിയ മനുഷ്യന്റെ ഭൗതികാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്ന രാഷ്ട്രീയ ഇച്ഛകളെക്കുറിച്ച് സംസാരിക്കുന്നു. പങ്കാളിത്ത ജനാധിപത്യമാണതിന്റെ അടിയാധാരം. ഉള്ളവന്റെതിൽ നിന്ന് വ്യത്യസ്തമായി ഇല്ലാത്തവന്റെ ഭാവി ഉരുത്തിരിയുന്നത് പ്രതിരോധിക്കുക എന്നതാണ് മൂന്നാം ലോകത്തെ ആരോഗ്യപ്രവർത്തകന്റെ മുമ്പിലുള്ള പ്രധാന വെല്ലുവിളി. ആസൂത്രണത്തിലും പ്രയോഗവൽക്കരണത്തിലും പങ്കാളിത്തം ഉറപ്പ് വരുത്തുകയും അത് അങ്ങേയറ്റം ജനാധിപത്യപരമാക്കുകയും ചെയ്യുമ്പോഴാണ് ഏറ്റവും എളിയവരുടെ ഇച്ഛകൾക്ക് സാമൂഹ്യ വ്യവഹാരങ്ങളിൽ ഇടം കിട്ടുക. മൂന്നാം ലോകരാജ്യങ്ങളിൽ വളണ്ടിയറിസം പച്ചപിടിക്കാതെ പോയതെന്ത് എന്നന്വേഷിച്ചെത്തിയ ഗവേഷകയുടെ മുമ്പിൽ തെക്കുവടക്ക് 200 കി.മീ ദൂരത്ത് 2000 വളണ്ടിയർമാരെ അവതരിപ്പിച്ചുകൊണ്ടാണ് എൻ.എൻ.പി.സി. ധാരണകൾ മാറ്റിയെഴുതിയത്. പൂർവ്വാസൂത്രിതവും പൂർവ്വനിർണ്ണിതവുമായ ഏതെങ്കിലും പദ്ധതിയിൽ പേര് ചേർക്കുകയായിരുന്നില്ല സന്നദ്ധ പ്രവർത്തകൻ. സ്വന്തം ഗ്രാമത്തിന്റെ മണ്ണിൽ നിന്നാണയാൾ അന്വേഷണം തുടങ്ങിയത്. തന്റെ ഗ്രാമത്തിന് വേണ്ടിയാണയാൾ ആസൂത്രണം ചെയ്തത്. അവിടെ തന്നെയാണയാൾ അതിന് വേണ്ടിയുള്ള വിഭവങ്ങൾ കണ്ടെത്തിയതും.



തങ്ങളറിഞ്ഞതും കണ്ടതുമായ യാഥാർത്ഥ്യങ്ങൾക്ക് മുകളിൽ അവർ പടുത്ത സംരംഭങ്ങൾ അന്വേഷിച്ചത് രോഗങ്ങളെയായിരുന്നില്ല, മനുഷ്യ ദുരിതങ്ങളെയാണ്. അതുകൊണ്ട് തന്നെ കാൻസറും എയ്ഡ്സും മാത്രമെന്ന വിവേചനം അവർക്കില്ല. അഷ്ടിക്ക് വക തേടി തെങ്ങുകയറി വീണ് നട്ടെല്ലൊടിഞ്ഞ് കിടക്കുന്ന യുവാവും, വാർദ്ധക്യം ഊന്നുകൾ തട്ടിത്തെറിപ്പിച്ച് കിടക്കയിലാക്കിയ അപ്പൂപ്പനും തമ്മിലും അവർക്ക് വേർതിരിവില്ല. അഷ്ടി പട്ടിണിയായവൻ 'മാത്രകൾ ഭക്ഷണത്തിന് ശേഷം സേവിക്കുക' എന്ന് കണ്ട് അതെങ്ങനെയെന്ന് അന്തം വിട്ടിരിക്കുന്നത് കാണുമ്പോൾ രോഗം മനുഷ്യന്റെ ഒരേയൊരു ദുരിതമല്ലെന്നും ഒരുപക്ഷെ മഹാദുരിതങ്ങളുടെ കാൽപാടുകൾ മാത്രമാണെന്നും അവന് തിരിച്ചറിയാം. ആ അറിവും ആ അറിവ് ഉണ്ടാക്കുന്ന അസ്വസ്ഥതയും അത് പരിഹരിക്കുന്നതിനുള്ള ആകാംക്ഷയുമാണ് എൻ.എൻ.പി.സി.യുടെ രാഷ്ട്രീയം നിർണ്ണയിക്കുന്നത്. അവിടെ മാറാരോഗികളുടെ പരിചരണം അതിൽതന്നെ ഒരു ലക്ഷ്യമല്ല. സാമൂഹ്യനീതിക്കായുള്ള വിശാലമായ അന്വേഷണത്തിൽ ഒരിടത്താവളം മാത്രമാണത്. അതുകൊണ്ട് അപ്പുവിന്റെ (യഥാർത്ഥ പേരല്ല) രോഗത്തോളം തന്നെ അദ്ദേഹത്തിന്റെ മകന്റെ മുടങ്ങിയ വിദ്യാഭ്യാസവും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ അത്താഴത്തിനുള്ള അരിയും എൻ.എൻ.പി.സി. സന്നദ്ധപ്രവർത്തകന്റെ ഉൽകണ്ഠയാണ്. അത് വഴി സമ്പന്നനാടുകളിലെ അക്കാദമിക്കുകളുടെ ടേബിൾ ടാക്കുകളുടെയും ഹോസ്പിസുകളുടെ നാൽചുവരുകളുടെയും മധ്യേ നിന്ന് പാലിയേറ്റീവ് കെയർ, ഭൂമിയിൽ വികസനം ചവുട്ടിക്കടന്നുപോകാത്ത ഇടനാഴികളിലേക്കും, ദേശീയാരോഗ്യ പരിപാടികളിലേക്കും ഇറക്കിക്കൊണ്ടുവരുന്നതിന് ഉപകരണമായി പ്രവർത്തിച്ച യാൻസ്റ്റേൺസ് വാർഡിന്റെ ഉൽക്കണ്ഠക്ക് അവർ അടിവരയിടുന്നു.

**"വൈദ്യശാസ്ത്രത്തിന്റെ മറ്റുമേഖലകളിൽ സംഭവിച്ചതുപോലെ ഉള്ളവന്റേതിൽനിന്ന് വ്യത്യസ്തമായി ഇല്ലാത്തവന്റെ വിധി രൂപപ്പെടാൻ പാലിയേറ്റീവ് കെയർ അനുവദിച്ചുകൂടാ. ഒന്നുകിൽ നാം ഒന്നിച്ച് നീന്തുന്നു, അല്ലെങ്കിൽ ഒരുമിച്ച് മുങ്ങുന്നു."**

- യാൻസ്റ്റേൺസ് വാർഡ് & സാന്റോപാം പലോണ
*(ഓക്സ്ഫോർഡ് ടെക്സ്റ്റ് ബുക്ക് ഓഫ് മെഡിസിൻ)*

ഡോ. അബ്ദുള്ള മണിമ
പെയിൻ & പാലിയേറ്റീവ് ക്ലിനിക്
മെഡിക്കൽ കോളേജ്, കോഴിക്കോട്-8
ഫോൺ : 9847484942